പ്രതികരണം ഇനി നേരിട്ടെന്ന് സി.പി.എം; വയൽക്കിളി പ്രവർത്തകനെ താക്കീത് ചെയ്തു

തളിപ്പറമ്പ: വയൽക്കിളി പ്രവർത്തകരെ ശത്രുക്കളായി കണ്ട് സോഷ്യൽമീഡിയകളിൽ പ്രതികരിക്കരുതെന്ന സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജന്റെ പ്രസ്താവന വന്നതിന് പിന്നാലെ വയൽക്കിളി പ്രവർത്തകനെ വീട്ടിൽ നിന്നും ഇറക്കി താക്കീത് ചെയ്തു. വയൽക്കിളി പ്രവർത്തകൻ ലാലുവിന്റെ സഹോദരൻ വിജിൽ നമ്പ്യാരെയാണ് ഇന്നലെ രാത്രി ഒരു സംഘം സി.പി.എം പ്രവർത്തകർ താക്കീത് ചെയ്തത്. സി. പി.എം ബ്രാഞ്ച് സെക്രട്ടറി ബിജുവിന്റെ പിതാവിനെ പരിഹസിച്ച് വിജിൽ നമ്പ്യാർ ഇന്നലെ ഫെയ്സ്ബുക്കിൽ ഒരു പോസ്റ്റ് ഇട്ടിരുന്നു. ഇതിൽ പ്രകോപിതരായാണ് സി.പി.എം പ്രാദേശിക നേതാക്കളടക്കം വിജിലിന്റെ വീട്ടിലെത്തിയത്. അകത്ത് ഇരിക്കുകയായിരുന്ന വിജിലിനെ ബലമായി പിടിച്ച് പുറത്തിറക്കി ഇനി ഇതുപോലുള്ള പോസ്റ്റുകൾ ഇട്ടാൽ വെറുതെ വിടില്ലെന്നും താക്കീത് ചെയ്താണ് സംഘം മടങ്ങിയത്.

വൈദ്യുതി മുടക്കത്തിൽ പ്രതിഷേധിച്ച് ബി.ജെ.പി പ്രവർത്തകർ ആലക്കോട് കെ.എസ്.ഇ.ബി. ഓഫീസ് ഉപരോധിക്കുന്നു.

ആലക്കോട് വൈദ്യുതി ഓഫീസ് ബി.ജെ.പി ഉപരോധിച്ചു

ആലക്കോട്: മലയോര മേഖലയിൽ വൈദ്യുതി മുടക്കം തുടർക്കഥയായതിൽ പ്രതിഷേധിച്ച് ആലക്കോട് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് ബി.ജെ.പി പ്രവർത്തകർ ഉപരോധിച്ചു. ഇന്നലെ വൈകുന്നേരമാണ് സംഭവം. ദിവസങ്ങളായി നിരന്തരമുള്ള വൈദ്യുതി മുടക്കത്തിന്റെ പിടിയിലാണ് മലയോരം. കെ.എസ്.ഇ.ബി ജീവനക്കാരുടെ അനാസ്ഥയാണ് ഇതിന് കാരണമെന്ന് ആരോപിച്ചാണ് ബി.ജെ.പി പ്രവർത്തകർ ഓഫീസ് ഉപരോധിച്ചത്. വൈദ്യുതി മുടക്കം പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് ഉയർന്ന ഉദ്യോഗസ്ഥർ ഉറപ്പ് നൽകിയതിനെ തുടർന്നാണ് ഉപരോധം അവസാനിപ്പിച്ചത്. സി.ജി. ഗോപൻ, എം.ജി. ജയേഷ്, പി.കെ. പ്രകാശൻ, പി.വി. ബാലൻ, ഗോപി നെല്ലിക്കുന്നേൽ, എൻ.കെ. വിജയൻ, എ.എൻ. അരുൺ നേതൃത്വം നൽകി.

അയേൺ ഫാബ്രിക്കേഷൻ ആന്റ് എഞ്ചിനീയറിംഗ് യൂണിറ്റ് അസോസിയേഷൻ ജില്ലാ കൺവെൻഷൻ തളിപ്പറമ്പിൽ സി.കെ.പി. പത്മനാഭൻ ഉദ്ഘാടനം ചെയ്യുന്നു.

അയേൺ ഫാബ്രിക്കേഷൻ അസോസിയേഷൻ ജില്ലാ കൺവെൻഷൻ തുടങ്ങി

തളിപ്പറമ്പ: കേരള അയേൺ ഫാബ്രിക്കേഷൻ ആന്റ് എഞ്ചിനീയറിംഗ് യൂണിറ്റ് അസോസിയേഷൻ ജില്ലാ കൺവെൻഷൻ ചിറവക്ക് ബാംബു ഫ്രഷ് ഓഡിറ്റോറിയത്തിൽ മുൻ എം.എൽ.എ സി.കെ.പി പത്മനാഭൻ ഉദ്ഘാടനം ചെയ്തു.

ജില്ലാ പ്രസിഡണ്ട് സി. വിജയൻ അധ്യക്ഷത വഹിച്ചു. കെഫ് കോൺ ചെയർമാൻ കെ.പി. രവീന്ദ്രൻ ക്ലാസ് എടുത്തു. സംസ്ഥാന പ്രസിഡണ്ട് എം.കെ. ബാബു, ട്രഷറർ എം. കൃഷ്ണൻ, വി. വിജയൻ, എം. അബ്ദു സംസാരിച്ചു. ജില്ലാ സെക്രട്ടറി ടി.വി. പ്രകാശൻ സ്വാഗതവും കെ. മനോഹരൻ നന്ദിയും പറഞ്ഞു.

പ്രവാസി സംഘം തളിപ്പറമ്പ ഏരിയാ കമ്മിറ്റി എസ്.ബി.ഐ ബാങ്കിലേക്ക് നടത്തിയ മാർച്ച് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ. അബ്ദുള്ള ഉദ്ഘാടനം ചെയ്യുന്നു.

മരം വെട്ടി നശിപ്പിക്കുന്നത് ചോദ്യം ചെയ്ത സഹോദരങ്ങളെ മദ്യപൻ അക്രമിച്ചു

തളിപ്പറമ്പ: മദ്യപന്റെ അക്രമണത്തിൽ സഹോദരങ്ങൾക്ക് പരിക്ക്. ചന്ദനക്കാംപാറയിലെ കടമ്പനാട്ട് ബിപിൻ (20), സഹോദരി ബിറ്റി (24) എന്നിവരാണ് അയൽവാസിയായ പാത്തിക്കൽ ബിജുവിന്റെ മർദനത്തിനിരയായത്. ഇവരുടെ വീട്ടുവളപ്പിലെ തേങ്ങ പൊറുക്കാനായി ഉച്ചയോടെ ഇരുവരും വളപ്പിലേക്കിറങ്ങിയതായിരുന്നു. ഇതേ സമയം മദ്യപിച്ചെത്തിയ ബിജു ഇവരുടെ വളപ്പിലെ മരങ്ങൾ വെട്ടി നശിപ്പിക്കുന്നത് ഇവരുടെ ശ്രദ്ധയിൽപ്പെട്ടു. ഇത് ചോദ്യം ചെയ്ത ഇരുവരെയും ബിജു കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും അക്രമിക്കുകയുമായിരുന്നത്രെ. മദ്യപിച്ചെത്തുന്ന ഇയാൾ സ്ഥിരമായി പ്രശ്നമുണ്ടാക്കാറുണ്ടത്രെ. അക്രമത്തിൽ ബിറ്റിക്ക് മുഖത്തും കഴുത്തിനും ബിപിന് കഴുത്തിനും പരിക്കേറ്റു. ഇരുവരെയും തളിപ്പറമ്പ സഹകരണാശുപത്രിയിൽ പ്രവേശിപ്പിച്ചു.

തെരുവ് നായയുടെ കടിയേറ്റു

കണ്ണൂർ: തെരുവ് നായയുടെ കടിയേറ്റ് ഒരാൾക്ക് പരിക്ക്. വടകര പുതുപ്പണത്തെ ആയിഷ മൻസിലിൽ കെ. ഹുസൈനാ(62)ണ് തെരുവ് നായയുടെ കടിയേറ്റത്. പുതിയതെരുവിലെ സ്റ്റീൽ കമ്പനിയിൽ ജോലി ചെയ്യുന്ന ഹുസൈൻ 6.15ന്റെ ചെന്നൈ എക്സ്പ്രസിന് വടകരയിലേക്ക് പോകാനായി കണ്ണൂർ റെയിൽവേ സ്റ്റേഷനിലെ 3-ാമത്തെ പ്ലാറ്റ്ഫോമിൽ നിൽക്കുമ്പോഴാണ് നായയുടെ കടിയേറ്റത്. ഇടത് കാലിന് പരിക്കേറ്റ ഹുസൈനെ ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇയാൾ സ്റ്റേഷൻ മാസ്റ്റർക്കും റെയിൽവേ പോലീസിനും പരാതി നൽകി.

നഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്
Govt. of NCT അംഗീകൃത NTTC കോഴ്സ് ചെയ്യുന്നവർക്ക് CTTC കോഴ്സ് സൗജന്യമായി ലഭിക്കുന്നു.
കോഴ്സ് ഫീ Rs. 7000 മാത്രം
MG COLLEGE
New Bazar Road, Taliparamba
9746997838

പീഡനക്കേസിൽ 60 ദിവസം ജയിലിൽ കിടന്നു; ഒന്നര വർഷത്തിന് ശേഷം പ്രതി ഇയാളല്ലെന്ന് ഇരയായ പെൺകുട്ടി

കാസർക്കോട്: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ 60 ദിവസത്തോളം റിമാന്റിൽ കഴിഞ്ഞ യുവാവല്ല താനെന്ന് പീഡിപ്പിച്ചതെന്ന് ഒന്നര വർഷത്തിന് ശേഷം പരാതിക്കാരിയുടെ മൊഴി. 2016 നവംബർ 16ന് ബദിയടുക്ക പോലീസാണ് 16കാരിയെ പീഡിപ്പിച്ചതിന് പെർള അടുക്കസ്ഥലയിലെ നവീൻകുമാറിനെ അറസ്റ്റ് ചെയ്തത്. രണ്ട് മാസം റിമാന്റിൽ കഴിഞ്ഞ ശേഷം നവീൻകുമാർ ജാമ്യത്തിലിറങ്ങി. പോലീസിന്റെ തുടരന്വേഷണത്തിൽ നവീൻകുമാർ നിരപരാധിയാണെന്ന് കണ്ടെത്തി. ഇതേ തുടർന്ന് ബദിയടുക്ക പോലീസ് കഴിഞ്ഞ ദിവസം കാസർക്കോട് അഡീ. സെഷൻസ് (1) കോടതിയിൽ നവീൻകുമാർ നിരപരാധിയാണെന്ന റിപ്പോർട്ട് നൽകി. കോടതി പെൺകുട്ടിയെ വിളിച്ചുവരുത്തി മൊഴിയെടുത്തപ്പോൾ പീഡനത്തിന് ഇരയായിട്ടുണ്ടെന്നും എന്നാൽ നവീൻകുമാറല്ല മറ്റൊരാളാണ് പീഡിപ്പിച്ചതെന്നും വ്യക്തമാക്കി. ഇതേ തുടർന്ന് പോലീസിനോട് കേസ് ഡയറി ഹാജരാക്കാൻ കോടതി ഉത്തരവിട്ടിരിക്കുകയാണ്.

ആദൂർ ബോദിക്കാനം മല്ലത്തിലെ ആളൊഴിഞ്ഞ ഒരു കെട്ടിടത്തിൽ കൊണ്ടുപോയി തന്നെ പീഡിപ്പിച്ചുവെന്നാണ് പെൺകുട്ടി നൽകിയ പരാതി. അന്ന് നവീൻകുമാർ പീഡിപ്പിച്ചുവെന്നാണ് പെൺകുട്ടി മൊഴി നൽകിയതെന്ന് പോലീസ് പറയുന്നു.

അനിഷ്ട സംഭവങ്ങൾ ഒഴിവായത് പോലീസിന്റെ സന്ദർഭോചിതമായ ഇടപെടലിൽ

തട്ടുകടക്കാരെ വധിക്കാൻ ശ്രമിച്ച രണ്ടുപേർ അറസ്റ്റിൽ

തളിപ്പറമ്പ: നാടുകാണി തെറ്റ് റോഡിൽ തട്ടുകട തകർക്കുകയും ജീവനക്കാരെ അക്രമിക്കുകയും ചെയ്ത സംഘത്തിലെ രണ്ടുപേരെ തളിപ്പറമ്പ സി.ഐ കെ.ജെ ബിനോയ്, പ്രിൻസിപ്പൽ എസ്.ഐ കെ. ദിനേശൻ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റ് ചെയ്തു. മൂന്നുപേരെ പിടികിട്ടാനുണ്ട്.

ആലക്കോട്ടെ തടത്തിൽ ജോഷി എന്ന ജോസ് സെബാസ്റ്റ്യൻ (40), കുട്ടാപറമ്പിലെ മുക്കാടരത്ത് സന്തോഷ് (34) എന്നിവരാണ് പിടിയിലായത്. താഴെ എടക്കോത്തെ വി. വി. നൗഷാദിന്റെ പരാതിയിലാണ് അഞ്ചു പേർക്കെതിരെ വധശ്രമത്തിന് കേസെടുത്തത്.

ഇന്നലെ രാത്രി 9.15ഓടെയായിരുന്നു കേസിന് ആസ്പദമായ സംഭവം നടന്നത്. ജോഷിയുടെ നേതൃത്വത്തിലുള്ള സംഘം കുഴൽകിണർ കുഴിക്കുന്ന ലോറിയുമായി വന്നപ്പോൾ ഗതാഗത തടസമാണെന്ന് പറഞ്ഞ് മിനിലോറിയിൽ പ്രവർത്തിക്കുന്ന തട്ടുകട അടിച്ച് തകർക്കുകയും ചായ കുടിക്കാനെത്തിയവരെയടക്കം അക്രമിക്കുകയുമായിരുന്നു. സംഭവത്തെ തുടർന്ന് അരമണിക്കൂറിനകം ചപ്പാരപ്പടവ്, മടക്കാട് പ്രദേശത്ത് നിന്ന് അഞ്ഞൂറിലധികം പേർ തെറ്റ് റോഡിലെത്തി. ഇവരും കുഴൽകിണർ സംഘവുമായി പൊരിഞ്ഞ അടി നടന്നു. വിവരം അറിഞ്ഞ് 20 മിനുട്ടിനകം സി.ഐ കെ.ജെ. ബിനോയിയും എസ്.ഐ കെ. ദിനേശനും സ്ഥലത്തെത്തി. പ്രകോപിതരായ നാട്ടുകാരെ പോലീസ് ഏറെ പണിപ്പെട്ടാണ് പിന്തിരിപ്പിച്ചത്. സ്ഥലത്ത് നിന്നും രണ്ടുപേരെയും കയ്യോടെ കസ്റ്റഡിയിലെടുക്കുകയും വധശ്രമത്തിന് കേസെടുക്കുകയും ചെയ്തതോടെ നാട്ടുകാർ ശാന്തരായി മടങ്ങിപ്പോവുകയായിരുന്നു. നാട്ടുകാരുടെ മർദനത്തിൽ പരിക്കേറ്റ പ്രതികൾക്ക് പോലീസ് താലൂക്ക് ആശുപത്രിയിലും ചികിത്സ നൽകിയിട്ടുണ്ട്.

കൈ കൊണ്ട് ഇളക്കിയാൽ പൊളിയുന്ന ടാറിംഗ്; അഴിമതി പ്രവർത്തി നാട്ടുകാർ തടഞ്ഞു

ആലക്കോട്: അഴിമതി ആരോപിച്ച് റോഡ് പ്രവൃത്തി നാട്ടുകാർ തടഞ്ഞു. ലക്ഷങ്ങൾ ചെലവിട്ടുള്ള വെള്ളാട്- ആശാൻകവല- കനകക്കുന്ന്- കുടിയാൻമല റോഡിലെ ആശാൻകവല മുതൽ കനകക്കുന്ന് വരെയുള്ള ടാറിംഗിൽ വൻ അഴിമതി നടന്നുവെന്നാണ് ആരോപണം. കോരിച്ചൊരിയുന്ന മഴ പെയ്യുന്ന സമയത്ത് വരെ ടാറിംഗ് നടത്തിയതിനെ തുടർന്ന് ടാറിംഗിന് പിന്നാലെ റോഡ് മിക്കഭാഗത്തും പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്. ശരിയായ അളവിൽ ടാറും മെറ്റലും ഉപയോഗിക്കാതെയാണ് ടാറിംഗ് നടത്തിയതെന്നും ആക്ഷേപമുണ്ട്. കൈ കൊണ്ട് ഇളക്കിയാൽ പൊളിഞ്ഞുവരുന്ന വിധത്തിലുള്ള ടാറിംഗ് പ്രവർത്തിയാണ് നടക്കുന്നതെന്ന് നേരിൽ കണ്ട് ബോധ്യപ്പെട്ടതോടെയാണ് നാട്ടുകാർ പണി തടഞ്ഞത്. പൊതുമരാമത്ത് വകുപ്പ് അധികൃതർക്ക് ഇതുസംബന്ധിച്ച് നാട്ടുകാർ പരാതിയും നൽകി. റോഡ് ടാറിംഗിന്റെ ഭാഗമായുള്ള കലുങ്ക് നിർമ്മാണത്തിലും ക്രമക്കേടുകൾ നടക്കുന്നതായി പരാതിയുണ്ട്. അവ ശേഷിക്കുന്ന ടാറിംഗ് പ്രവർത്തി നാട്ടുകാരുടെ നേതൃത്വത്തിൽ നടത്താനാണ് തീരുമാനം.

ആശാൻകവല- കനകക്കുന്ന് റോഡ് ടാറിംഗിന് തൊട്ടുപിന്നാലെ പൊളിഞ്ഞ നിലയിൽ.

ഷമേജ് വധം: ഒരു സി.പി.എമ്മുകാരൻ കസ്റ്റഡിയിൽ

തലശേരി: ആർ.എസ്.എസ് പ്രവർത്തകൻ ന്യൂമാഹിയിലെ ഷമേജ് വധക്കേസിലെ പ്രധാന പ്രതികളിലൊരാൾ ബെംഗളൂരുവിൽ പോലീസ് പിടിയിലായി. ഒരു വിനോദസഞ്ചാരകേന്ദ്രത്തിൽ പിടിയിലായ ഇയാളെ ഇന്ന് രാവിലെ തലശേരിയിലെത്തിച്ച് അന്വേഷണം സംഘം ചോദ്യം ചെയ്തുവരികയാണ്.

കെ.എസ്.കെ.ടി.യു ഹെഡ് പോസ്റ്റോഫീസ് മാർച്ച് വി. നാരായണൻ ഉദ്ഘാടനം ചെയ്യുന്നു

പുനരധിവാസ പദ്ധതി തകർക്കുന്നു; പ്രവാസി സംഘം എസ്.ബി.ഐ മാർച്ച് നടത്തി

തളിപ്പറമ്പ: സംസ്ഥാന സർക്കാരും നോർക്കയും അനുവദിച്ച പുനരധിവാസ പദ്ധതി തകർക്കുന്ന ബാങ്കുകളുടെ നിഷേധാത്മക സമീപനത്തിനെതിരെ കേരള പ്രവാസി സംഘം ഏരിയാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തളിപ്പറമ്പ എസ്.ബി.ഐ ബാങ്കിലേക്ക് മാർച്ച് നടത്തി. സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ. അബ്ദുള്ള ഉദ്ഘാടനം ചെയ്തു. തിരിച്ചുവരുന്ന പ്രവാസികളുടെ അവകാശങ്ങൾ നിഷേധിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. ജില്ലാ എക്സിക്യൂട്ടീവ് അംഗം പി.പി. രാജൻ അധ്യക്ഷത വഹിച്ചു. സി.എം. കൃഷ്ണൻ, എം.വി. ജനാർദ്ദനൻ സംസാരിച്ചു. എൻ. കൃഷ്ണൻ സ്വാഗതവും കെ.വി. നാരായണൻ നന്ദിയും പറഞ്ഞു.

ബി.ജെ.പി തുണച്ചു; ജനതാദൾ (എസ്) പിടിച്ചുനിന്നു

ബംഗ്ളൂരു: കർണ്ണാടക നിയമസഭ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് തകർന്നടിഞ്ഞപ്പോൾ ജനതാദൾ (എസ്) പിടിച്ചുനിന്നു. കഴിഞ്ഞ തവണ 40 സീറ്റ് ഉണ്ടായിരുന്ന ജനതാദൾ (എസ്) 40 സീറ്റിൽ മുന്നിട്ട് നിൽക്കുന്നുണ്ട്. ബി.ജെ.പിയുടെ തന്ത്രപരമായ നീക്കമാണ് ജനതാദൾ എസിന് തുണയായത്.

ന്യൂനപക്ഷ- ദളിത് വോട്ടുകൾ ഇത്തവണ കോൺഗ്രസിന് ഒപ്പം നിൽക്കുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. അത്തരം മേഖലകളിലെല്ലാം ബി. ജെ.പി വോട്ട് ജനതാദൾ എസിന് വീണുവെന്നാണ് സൂചന. മുഖ്യമന്ത്രി സിദ്ധരാമയ്യ പരാജയപ്പെട്ട ചാമുണ്ഡേശ്വരി മണ്ഡലത്തിൽ ബി.ജെ.പിക്ക് ലഭിച്ചത് കേവലം 2000വോട്ട് മാത്രമാണ്. ഇവിടെ വിജയിച്ചത് ജനതാദൾ (എസ്) സ്ഥാനാർത്ഥിയാണ്. ഇത് ഉൾപ്പെടെ ജനതാദൾ (എസ്) വിജയിച്ച ഒട്ടേറെ മണ്ഡലങ്ങളിൽ ബി. ജെ.പി വോട്ട് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത് നൽകുന്ന സൂചന കോൺഗ്രസിനെ തകർക്കാൻ ബി.ജെ.പി തന്ത്രം മെനഞ്ഞുവെന്നാണ്.

അഭിഭാഷകനെതിരെ കേസെടുത്തു

പയ്യന്നൂർ: നാടോടി പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ അഭിഭാഷകനെയും പ്രതിയാക്കും. കേസിലെ മുഖ്യപ്രതി ബേബിരാജിനെ ഇന്ന് അറസ്റ്റ് ചെയ്തിരുന്നു. കേസ് ഒത്തുതീർക്കുന്നതിന് മധ്യസ്ഥം വഹിച്ചത് പയ്യന്നൂരിലെ ഒരു അഭിഭാഷകനാണ്. 50,000രൂപയുടെ ചെക്ക് നൽകിയാണ് പരാതി നൽകുന്നതിൽ നിന്ന് നാടോടി കുടുംബത്തെ പിന്തിരിപ്പിച്ചത്. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ചതറിഞ്ഞിട്ടും പോലീസിൽ വിവരം അറിയിക്കാതെ കേസ് ഒതുക്കിത്തീർക്കാൻ കൂട്ടുനിന്നതിനാണ് അഭിഭാഷകനെതിരെ കേസെടുക്കുക. പോക്സോ നിയമപ്രകാരമായിരിക്കും കേസ്. ഇതുസംബന്ധിച്ച് തളിപ്പറമ്പ് ഡി.വൈ.എസ്.പി. കെ.വി. വേണുഗോപാൽ പയ്യന്നൂർ പോലീസിന് നിർദേശം നൽകിയിട്ടുണ്ട്.

കെ.എസ്.കെ.ടി.യു മാർച്ച് നടത്തി

തളിപ്പറമ്പ: പെട്രോൾ-ഡീസൽ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുക, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് കേരള സ്റ്റേറ്റ് കർഷക തൊഴിലാളി യൂണിയൻ (കെ.എസ്.കെ.ടി.യു) തളിപ്പറമ്പ വനിതാ സബ്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഹെഡ്പോസ്റ്റ് ഓഫീസ് മാർച്ച് നടത്തി. ജില്ലാ സെക്രട്ടറി വി. നാരായണൻ ഉദ്ഘാടനം ചെയ്തു. എ. വിജയലക്ഷ്മി അധ്യക്ഷത വഹിച്ചു. കെ. നാരായണൻ സംസാരിച്ചു. സി. വനജ സ്വാഗതവും സി.വി. നളിനി നന്ദിയും പറഞ്ഞു.

ചരമം

സി. കുഞ്ഞിരാമൻ

തളിപ്പറമ്പ: സി.പി.ഐയുടെ ആദ്യകാല പ്രവർത്തകൻ കരിപ്പൂലിലെ ചുണ്ടയിൽ കുഞ്ഞിരാമൻ (കേശവൻ-83) നിര്യാതനായി. ഭാര്യ: പരേതയായ ജാനകി. മക്കൾ: മുൻ വാർഡ് കൗൺസിലർ സി. ലക്ഷ്മണൻ (സി.പി.ഐ തളിപ്പറമ്പ് മണ്ഡലം കമ്മിറ്റിയംഗം), ചന്ദ്രൻ, ഗോവിന്ദൻ, രാഘവൻ (യൂണിവേഴ്സൽ ഗ്യാസ് ഏജൻസി). മരുമക്കൾ: സ്വപ്ന (പെരിങ്ങോം), ഇന്ദിര(കീഴാറ്റൂർ), ജയന്തി (പന്നിയൂർ), സുമ (അതിയടം). സഹോദരങ്ങൾ: പാർവ്വതി (കരിപ്പൂൽ), പരേതരായ കല്ല്യാണി, മാധവി.

മുഹമ്മദ്കുഞ്ഞി മൗലവി

തളിപ്പറമ്പ: കുപ്പം സ്വദേശി എളമ്പേരംപാറ ബൈത്തുനൂറിൽ താമസിക്കുന്ന പി.പി. മുഹമ്മദ്കുഞ്ഞി മുസ്ല്യാർ (66) നിര്യാതനായി. കേരള മുസ്ലിം ജമാഅത്ത് എളമ്പേരംപാറ യൂണിറ്റംഗം, തളിപ്പറമ്പ ശാദുലിപ്പള്ളി ഇമാം, തളിപ്പറമ്പ റെയിഞ്ച് ജംഇയ്യത്തുൽ മുഅല്ലിമീൻ പരീക്ഷാ ബോർഡ് ചെയർമാൻ എന്നീ നിലയിൽ പ്രവർത്തിച്ച് വരികയായിരുന്നു. കണ്ണൂർ കാംബസാർ, മണ്ടൂർ ഇർഷാദ് ഇസ്ലാം മദ്രസ എന്നിവിടങ്ങളിൽ ദീർഘകാലം സ്വദർ മുഅല്ലീമായും പരീക്ഷ ബോർഡ് ചെയർമാനായും സേവനമനുഷ്ടിച്ചിട്ടുണ്ട്. ഭാര്യ: നഫീസ. മക്കൾ: ആയിഷാബി, സുമയ്യ, സിദിഖ്, സഫൂറ, സക്കരിയ്യ. മരുമക്കൾ: അഹ്മ്മദ് ബാഖവി, മഷ്ഹൂദ് (അൽമഖർ), മുഹമ്മദ് കുഞ്ഞി, ഹന്നത്ത്, ഫർസാന. സുന്നി നേതാക്കളായ പട്ടുവം കെ.പി. അബൂബക്കർ മൗലവി, എം. വി. അബ്ദുൾറഹ്മാൻ മുസ്ല്യാർ, സി. പി. അബ്ദുൾ മജീദ് മദനി, ബി. എ. അലി മൊഗ്രാൽ, കെ.പി. അബ്ദുസമദ് അമാനി, ഫൈസൽ അസ്ഹനി, എം.പി. അബ്ദുറഷീദ് സഖാഫി, പി.എം. മുസ്തഫഹാജി പനാമ, കെ. പി. അബ്ദുൾ ജബ്ബാർ ഹാജി തുടങ്ങിയവർ പരേതന്റെ വസതി സന്ദർശിച്ചു.

അബ്ദുൾഖാദർ

മാട്ടൂൽ: മാട്ടൂൽ സൗത്ത് മുഹ്യിദ്ദീൻ ജുമാഅത്ത് പള്ളിക്ക് സമീപം താമസിക്കുന്ന മുക്കുവച്ചേരി അബ്ദുൾഖാദർ (85) നിര്യാതനായി. ഭാര്യ: പരേതയായ തെക്കെ തൈവളപ്പിൽ അലീമ. മക്കൾ: ശരീഫ, ബീഫാത്തു, റംല, നസീമ, ബുഷ്റ, മുനീർ (ദുബൈ). മരുമക്കൾ: അബ്ദുൾസലാം, എം. അബ്ദുൾഖാദർ, ഇബ്രാഹിം, അബ്ദുൾഖാദർ ചേലേരി, വി. വി. അശ്റഫ്, ഫൗസിയ. സഹോദരങ്ങൾ: മുഹമ്മദ്കുഞ്ഞി, ഖദീജ.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2,925
പവന് :23,400

പവിത്ര ജ്വല്ലറി
കുറ്റൂക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ഉണൈസിനെ മർദിച്ചുകൊന്നതിനെതിരെ കോൺഗ്രസ് പോലീസ് സ്റ്റേഷൻ മാർച്ചിന്

കണ്ണൂർ: എടക്കാട് പോലീസ് മർദനത്തിൽ കൊല്ലപ്പെട്ട ഉണൈസിന്റെ കുടുംബത്തിന് നീതി ലഭിക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രത്യക്ഷസമരത്തിലേക്ക്. 17ന് എടക്കാട് പോലീസ് സ്റ്റേഷനിലേക്ക് കോൺഗ്രസ് നേതൃത്വത്തിൽ ബഹുജനമാർച്ച് നടത്തുമെന്ന് ഡി.സി.സി. പ്രസിഡണ്ട് സതീശൻ പാച്ചേനി വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഉണൈസിനെ പോലീസ് കസ്റ്റഡിയിലെടുത്ത് മർദിച്ച് കൊന്നതാണെന്നും സാഹചര്യ തെളിവുകൾ വ്യക്തമാക്കുന്നു. എസ്.പിക്ക് നൽകാനായി ഉണൈസ് തയ്യാറാക്കിയ പരാതിയിൽ മർദനത്തിന്റെ ഭീകരതയെ കുറിച്ച് കൃത്യമായി പറയുന്നുണ്ട്. അദ്ദേഹം പറഞ്ഞു.

പത്രസമ്മേളനത്തിൽ പ്രൊഫ.എ.ഡി.മുസ്തഫ, സുമ ബാല കൃഷ്ണൻ, അഡ്വ.മാർട്ടിൻ ജോർജ്ജ് എന്നിവർ സംബന്ധിച്ചു.

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 171 RNI Reg.No.KER MAL/2007/22043